# സി.ബി.എം. ഹൈസ്കൂൾ

## നൂറനാട്

# Academic Master Plan



# സ്കൂൾ പ്രാഥമിക വിവരം

| | | |
|---|---|---|
| സ്കൂളിൻറെ പേര് | : | സി.ബി.എം.എച്ച്.എസ് നൂറനാട് |
| മേൽവിലാസം | : | നൂറനാട് പി ഒ, നൂറനാട്, 690504 |
| ഫോൺ | : | 0479-2386293 |
| ഇ മെയിൽ | : | 36037alappuzha@gmail.com |
| സ്കൂൾ UDISE കോഡ് | : | 32110700803 |
| സ്കൂൾ വിഭാഗം | : | എയിഡഡ് |
| ക്ലാസ്സ് | : | 5-10 |
| വിദ്യാഭ്യാസ ഉപ ജില്ല | : | മാവേലിക്കര |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| ജില്ല | : | ആലപ്പുഴ |
| പഞ്ചായത്ത് | : | പാലമേൽ |
| നിയമസഭ മണ്ഡലം | : | മാവേലിക്കര |
| പാർലമെന്റ് മണ്ഡലം | : | മാവേലിക്കര |
| വർഷം | : | 2025 26 |

ഉള്ളടക്കം

# സി.ബി.എം ഹൈസ്കൂൾ നൂറനാട്

1940 ൽ നൂറനാട് എരുമക്കുഴി കളീയ്ക്കൽ തെക്കതിൽ ശ്രീ.രാമൻപിള്ള അവർകളാൽ സ്ഥാപിതമായ നൂറനാട് സി.ബി.എം ഹൈസ്കൂൾ കഴിഞ്ഞ 85 വർഷങ്ങളായി ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക പൈതൃകത്തെ കാത്തു സൂക്ഷിച്ചു കൊണ്ട് ഒരു കെടാവിളക്കായി പ്രകാശം ചൊരിയുന്നു.

ആദ്യകാലത്ത് എരുമക്കുഴി യു.പി.എസ് എന്നായിരുന്നു ഈ വിദ്യാലയം അറിയപ്പെട്ടിരുന്നത്. പിന്നീട് കളീയ്ക്കൽ തെക്കതിൽ ശ്രീ സി ഭാർഗ്ഗവൻ പിള്ള മാനേജർ ആയിരുന്ന കാലത്ത് ഈ സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. അദ്ദേഹത്തിന്റെ കാലശേഷം ഈ സ്കൂളിന്റെ നാമധേയം സി ഭാ ർഗവൻ പിള്ള മെമ്മോറിയൽ ഹൈസ്കൂൾ (സി.ബി.എം ഹൈസ്ക്കൂൾ) എന്ന് അറിയപ്പെട്ടു. പിന്നീട് അദ്ദേഹത്തിന്റെ ജാമാതാവ് ശ്രീ. എസ്. കൃഷ്ണപിള്ള മാനേജർ ആയിരുന്ന കാലഘട്ടത്തിൽ സ്വാശ്രയ ഹയർ സെക്ക്ന്ററി ഇതിനോടൊപ്പം കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം ഗവൺമെന്റ് ആരംഭിച്ചത് ഈ കാലത്താണ്. അന്ന് മാവേലിക്കര എം.പി യായിരുന്ന ശ്രീ രമേശ് ചെന്നിത്തല, ശ്രീ കെ കെ ഷാജു എന്നിവർ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. ശ്രീ.എസ്.കൃഷ്ണപിള്ള സാറിന്റെ കാലശേഷം സഹധർമ്മിണി ശ്രീമതി കെ ശാന്തകുമാരി അമ്മ മാനേജരായി ചുമതലയേറ്റു.

തിരുവിതാംകൂറിന്റെ ചരിത്രാഖ്യായിക രചിച്ച സി.വി.രാമൻ പിള്ളയുടെ തലമുറയിൽ പെട്ട അടൂർ ഭാസിയുടെ സഹോദരി പുത്രിയാണ് ശ്രീമതി കെ. ശാന്തകുമാരി അമ്മ.

2012 ൽ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും വ്യവസായ പ്രമുഖനുമായ ശ്രീ തമ്പി നാരായണൻ ഈ കലാലയം ഏറ്റെടുത്തു. ഈ സ്കൂളിനോടും ഗ്രാമത്തോടുമുള്ള വൈകാരിക ബന്ധം ഒന്നുകൊണ്ടുമാത്രമാണ് ഒരു ലാഭേച്ഛയും ഇല്ലാതെ ഈ കലാലയം അദ്ദേഹം ഏറ്റെടുത്തത്. ഏറ്റെടുത്ത ഉടൻ തന്നെ 40 കമ്പ്യൂട്ടറുകൾ യുപി ഹൈസ്കൂൾ ലാബുകളിൽ സജ്ജമാക്കി. കുട്ടികളുടെ ചിന്താശേഷിയും ഏകാഗ്രതയും വർദ്ധിപ്പിച്ച് മാനസികോല്ലാ സത്തിന് ഉതകുംവിധം കുട്ടികളെ പ്രാപ്തമാക്കാൻ 500 ഓളം വൈജ്ഞാനിക ഗെയിമുകൾ ഉൾപ്പെടുത്തി സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിച്ചു. അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഈ കലാലയത്തെയും എത്തിക്കുക എന്നുള്ളതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഓരോ കുട്ടിയും ഓരോ പ്രതീക്ഷയാണ് എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായാണ് സ്കൂളിന്റെ മുന്നോട്ടുള്ള പ്രവർത്തനം. ശ്രീമതി ജയശ്രീ തമ്പി മാനേജരായും ശ്രീ.പി.കൃഷ്ണൻ നായർ സാർ മാനേജർ ഇൻ ചാർജ് ആയും ആണ് സ്കൂളിന്റെ ഭരണനിർവഹണം നടത്തുന്നത്.

## മേഖല – ഭൗതികം

### ഉപമേഖല - ക്ലാസ് മുറികൾ

1. 5 മുതൽ 10 വരെയുള്ള എല്ലാ ക്ലാസ് മുറികളും നൂതന സാങ്കേതികവിദ്യയുടെ പിൻബലത്തോടെയുള്ളതാണ്.
2. തറ ടൈൽ ഇട്ട് ഫാനും ലൈറ്റും ഉള്ള, പ്രൊജക്ടർ ചേർന്നുള്ള മൾട്ടിമീഡിയ പഠന സൗകര്യം

### ഉപ മേഖല - സ്കൂൾ ആകർഷകത്വം

1. കമനീയമായ പ്രവേശന കവാടം.
2. ധാരാളം മരങ്ങൾ നിറഞ്ഞ പ്രകൃതിദത്തമായ അന്തരീക്ഷം നൽകുന്ന മുറ്റം.
3. കുട്ടികൾക്കും സന്ദർശകർക്കും വിശ്രമിക്കുവാൻ ചാരു ബഞ്ചുകൾ.
4. ശില്പങ്ങളും ചിത്രങ്ങളും കൊണ്ട് അലങ്കരിച്ച വരാന്തകൾ
5. എല്ലാത്തരം ചെടികളും നട്ടു പരിപാലിക്കുന്ന പൂന്തോട്ടം, ആമ്പൽ കുളം.
6. സ്കൂൾ വരാന്തയും മുറ്റവും പ്രകൃതി സൗഹൃദ ടൈൽ പാകി മനോഹരം.
7. വേസ്റ്റ് ബിൻ സൗകര്യം.
8. പ്ലാസ്റ്റിക് രഹിത വിദ്യാലയം.
9. സ്കൂൾ അസംബ്ലി കൂടുവാനും മറ്റു മീറ്റിങ്ങുകൾ കൂടുവാനും പറ്റുന്ന ഓഡിറ്റോറിയം. (മറ്റു സംഭാവനങ്ങളിലൂടെ കണ്ടെത്തണം)
10. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാൻ ഫിൽറ്റർ സംവിധാനത്തിലൂടെയുള്ള വാട്ടർ സപ്ലൈ.

### ഉപ മേഖല വിദ്യാലയ പരിസരം

1. ഹരിത വിദ്യാലയം എന്ന മനോഭാവം നൽകുന്ന ചുറ്റുപാട്.
2. വിദ്യാലയ മുറ്റത്തെ വൃക്ഷങ്ങൾക്ക് നാമകരണം ചെയ്യൽ അവയുടെ ഗുണങ്ങൾ എഴുതിവെച്ച രജിസ്റ്റർ.
3. ഫലവൃ ക്ഷ ത്തോട്ടം.
4. ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കൽ.
5. ഔഷധോദ്യാനം.
6. സ്കൂൾ അടുക്കളത്തോട്ടം  വിഷരഹിത പച്ചക്കറികൾ സ്കൂൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുവാൻ സ്കൂളിലെ ഹരിത ക്ലബ്ബിന്റെ നേതൃത്വത്തിൽ കൃഷി പ്രോത്സാഹിപ്പിക്കൽ.
7. സ്കൂളിലെ മറ്റ് ക്ലബ്ബുകളുടെ പ്രവർത്തനവും പ്രകൃതി സൗഹൃദമായ രീതിയിൽ ഏകോപിക്കുക.

8. ടെറസിൽ ഗ്രോ ബാഗ് കൃഷിയും പന്തലുള്ള കൃഷിയും പ്രോത്സാഹിപ്പിക്കുക.

9. ബയോഗ്യാസ് പ്ലാന്റ്.

10. കൃഷിക്ക് പ്രാധാന്യം നൽകുന്ന രീതിയിൽ മറ്റ് സന്നദ്ധ സംഘടനകളെയുംകൂടി കുട്ടികളുടെ ക്ലബ്ബിൽ ഉൾക്കൊള്ളിക്കാം.

11. സ്കൂളിന് പുറത്ത് കൃഷി വ്യാപിപ്പിക്കുവാനും അവിടെനിന്ന് നേരിട്ട് പച്ചക്കറികൾ സ്കൂളിൽ എത്തിക്കുവാനുള്ള സംവിധാനം പഞ്ചായത്തുമായി ചേർന്ന് തയ്യാറാക്കുക.

**ഉപമേഖല - ഊട്ടുപുര, ഡൈനിംഗ് ഹാൾ , ഭക്ഷണം**

1. വൃത്തിയും വെടിപ്പുള്ള ഊട്ടുപുര.

2. ഉന്നത ഗുണമേന്മയുള്ള പാത്രങ്ങളിൽ ഭക്ഷണം പാകം ചെയ്യൽ.

3. ക്ലാസുകളും പ്ലേറ്റുകളും എന്നും തിളപ്പിച്ച വെള്ളത്തിൽ കഴുകുന്നു.

4. പുറത്തുനിന്നും വാങ്ങുന്ന പച്ചക്കറികളുടെ വിഷാംശം മാറ്റാനുള്ള ശാസ്ത്രീയ സംവിധാനം.

5. എല്ലാ കുട്ടികൾക്കും തിളപ്പിച്ച വെള്ളം നൽകുവാൻ കഴിയുന്ന സോളാർ വാട്ടർ സപ്ലൈ.

6. ഫാനും, ലൈറ്റും വെളിച്ചവും, വൃത്തിയും മേശവിരിപ്പ് അടിച്ചു വൃത്തിയാക്കിയ ഡസ്ക്, തറ ടൈൽ പാകി വൃത്തിയാക്കിയ ഹാൾ, സീലിംഗ് ചെയ്ത് വൃത്തിയാക്കിയ മുകൾഭാഗം തുടങ്ങി മനോഹരമാക്കിയ ഊണുമുറി.

7. ഓരോ ദിവസത്തെയും മെനു തലേദിവസം പ്രസിദ്ധീകരിക്കാൻ കഴിയണം.

8. എല്ലാവർക്കും പങ്കാളിത്തം കൂടുതൽ വിഭവങ്ങൾ ഉൾപ്പെടുത്താൻ കൂട്ടായ പരിശ്രമം.

9. അടുക്കളയിൽ മിക്സി, കുക്കർ, ഗ്രൈൻഡർ തുടങ്ങി ആധുനിക സംവിധാനം, ഭക്ഷണം പാകം ചെയ്യുന്ന തൊഴിലാളികളുടെ വേഷവിധാനം വൃത്തിയും വെടിപ്പുള്ളതായിരിക്കണം.മുടികവർ ചെയ്ത്, ഹാൻഡ് ഗ്ലൗസ് ധരിച്ചിരിക്കണം.

10. അമ്മമാരുടെ സാന്നിധ്യം പാചകത്തിലും വിളമ്പലിലും.

11. വിളമ്പുന്നതിന് അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമിതി.

12. ഓരോ ദിവസവും കുട്ടികൾക്ക് ഉലലറയമരസ നൽകുവാനുള്ള സംവിധാനം ഒരുക്കണം.

13. ആഴ്ചയിൽ കുട്ടികൾക്ക് നോൺവെജ് നൽകുന്നു.

14. 200 കുട്ടികൾക്ക് ഒരേസമയം ഇരുന്ന് ഭക്ഷണം കഴിക്കാൻ കഴിയുന്ന ഹാൾ സജ്ജീകരിക്കണം.

15. ഗവൺമെന്റ് നൽകുന്ന സാമ്പത്തിക സഹായത്തിനു പുറമേ മറ്റു മേഖലകളിൽ നിന്നും സഹായം കൂടി കണ്ടെത്താൻ ശ്രമിക്കണം.

16. ഉച്ചഭക്ഷണത്തിൽ അധ്യാപകരെ കൂടി ഉൾക്കൊള്ളിക്കണം. കുട്ടികളോടൊപ്പം അധ്യാപകരും ഭക്ഷണം സ്കൂളിൽ നിന്നും കഴിക്കുവാൻ ശ്രമിക്കണം.

17. സ്കൂൾ പച്ചക്കറി തോട്ടം കൂടുതൽ മെച്ചപ്പെടുത്തുവാൻ കൃഷി ഓഫീസുമായി ബന്ധപ്പെടണം.

18. സ്കൂളിൽ ലഭ്യമാക്കുന്ന പച്ചക്കറി വിഷരഹിതമാണെന്ന് ഉറപ്പുവരുത്തണം.

19. ഫിൽറ്റർ ചെയ്ത വെള്ളമായിരിക്കണം പാചകത്തിന് എടുക്കേണ്ടത്. അതിനായി പിടിയുടെ സഹായത്താൽ ഫിൽറ്റർ പാചകപ്പുരയിൽഘടിപ്പിക്കണം.

20. കുട്ടികളുടെയും അധ്യാപകരുടെയും മേൽനോട്ടത്തിൽ ഒരു 'ഫുഡ് ക്ലബ്ബ് 'ഫെസ്റ്റ് തയ്യാറാക്കണം ഇതിൽ ഒരു ഡയറ്റീഷ്യനെ കൂടി ഉൾപ്പെടുത്തുവാൻ ശ്രമിക്കണം.

21. കാലാവസ്ഥാ മാറ്റത്തിന് അനുസരിച്ച് കുട്ടികൾക്ക് നൽകുന്ന മെനുവിലും മാറ്റം വരുത്താൻ ക്ലബ്ബിന് കഴിയണം ഇതിനുള്ള സാമ്പത്തിക സഹായം കണ്ടെത്തണം.

## ബ്ലാക്ക് സോക്സ് അക്കാദമി

കുട്ടികളുടെ കായിക ആരോഗ്യ ഉന്നമനത്തിനായി അഞ്ചു മുതൽ 10 വരെയുള്ള കുട്ടികളെ പങ്കെടുപ്പിക്കുന്ന ബ്ലാക്ക് ഫോക്സ് അക്കാദമി പ്രവർത്തിക്കുന്നു. എല്ലാ വിദ്യാർത്ഥികളുടെയും total ഫിറ്റ്നസ് ഉറപ്പുവരുത്താൻ മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്നു. കായിക അധ്യാപകരുടെയും പരിശീലകരുടെയും മേൽനോട്ടത്തിൽ കുട്ടികളെ ദേശീയതലത്തിൽ വരെ എത്തിക്കുന്നു എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

## ഉപമേഖല - കായികം

1. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് മെച്ചപ്പെട്ട കായിക വിദ്യാഭ്യാസം നൽകണം.

2. കുട്ടികളുടെ താല്പര്യത്തിനനുസരിച്ച് വിനോദങ്ങൾ ചിട്ടപ്പെടുത്തണം.

3. പി.ടി. അധ്യാപകനോടൊപ്പം മറ്റ് അധ്യാപകരും പങ്കാളിയാവണം.

4. പ്രഫഷണൽ കോച്ചുകളുടെ സാന്നിധ്യം സ്കൂളിൽ ഉറപ്പുവരുത്തണം ഇതിനു വേണ്ട ചെലവ് പി.ടി.എ. വഹിക്കണം.

5. രാവിലെയും രാത്രിയിലും കുട്ടികൾക്ക് സ്കൂളിൽ പരിശീലനം ചെയ്യാൻ കഴിയണം അതിനായി ടോപ്പ് ലൈറ്റ് സംവിധാനം ഒരുക്കണം.

6. കുട്ടികൾക്ക് ശാരീരിക ക്ഷമത മെച്ചപ്പെടുത്താൻ യോഗ ജിംനേഷ്യം എന്നിവ സജ്ജീകരിക്കണം.

7. ഫുട്ബോൾ ക്രിക്കറ്റ് വോളിബോൾ ഷട്ടിൽ എന്നിവയ്ക്ക് പരിശീലനം നൽകണം.

8. കായിക ഉപകരണങ്ങൾ സൂക്ഷിക്കുവാനുള്ള മുറി, കുട്ടികൾക്ക് വിശ്രമിക്കുവാനും വേഷം മാറുമാനുമുള്ള മുറി,ടോയ്‌ലറ്റ് സംവിധാനം എന്നിവ ഉണ്ടാകണം.

9. എൻ.സി.സി. ക്ലബ്ബിന്റെ സഹായത്തോടെ കുട്ടികൾക്ക് ഷൂട്ടിംഗ് പരിശീലനം നൽകണം ഇതിനായി ആലപ്പുഴ ഷൂട്ടിംഗ് അക്കാദമിയുടെ സഹായം തേടാം.

10. കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകണം ഇതിനായി നീന്തൽകുളം തയ്യാറാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.

11. പെൺകുട്ടികളുടെ കായിക മേഖലയിലെ വളർച്ചയ്ക്ക് പ്രത്യേക ശ്രമം ഉണ്ടാവണം.

12. പെൺകുട്ടികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനായി ട്രെയിനിൽ ലേഡി കോച്ചിന് സേവനം സ്കൂളിൽ ഉണ്ടാവണം.

13. കായിക ഇന്നത്തോടൊപ്പം ചെസ്സ്, കരാട്ടെ, വുഷു ,തായ് കോണ്ടോ,ജൂഡോ എന്നിവയ്ക്ക് പ്രാധാന്യം നൽകണം.

14. സ്കൂളിൽ നിന്നും പഠിച്ചു പോയ കായിക മേഖലകളിൽ മികവുകാട്ടിയ പൂർവ്വ വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സാമൂഹിക പങ്കാളിത്തത്തോടെ യുള്ള കായിക വികസനം പ്രവർത്തികമാക്കണം.

## ഉപമേഖല ടോയ്‌ലറ്റ്

1. 25 പെൺകുട്ടികൾക്ക് ഒരു ടോയ്‌ലറ്റ്, 40 ആൺകുട്ടികൾക്ക് ഒന്ന് എന്ന തരത്തിൽ ആധുനിക ടോയ്‌ലറ്റ് സംവിധാനം.

2. ക്ലാസ് തിരിച്ച് ടോയ്‌ലറ്റുകളുടെ താക്കോൽ വിദ്യാർത്ഥികളും അധ്യാപകരും ഓഫീസിൽ ഏൽപ്പിക്കുന്നു.

3. ടോയ്‌ലറ്റ് ശുചിത്വം നോക്കാൻ ശുചിത്വസേന. ഇതിൽ അധ്യാപകരും കുട്ടികളും പിടിഎയും.

5. സ്കൂൾ ഇടവേളകൾക്ക് ശേഷം ടോയ്‌ലറ്റുകൾ വൃത്തിയാക്കാൻ അതിന് ചുമതലപ്പെടുത്തിയ ജീവനക്കാർ.

6. നാപ്കിൻ ലഭ്യമാക്കുവാനും അവ ശാസ്ത്രീയമായി നിർമാർജനം ചെയ്യുവാനുമുള്ള സംവിധാനം ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകളിൽ ഉണ്ട്.

1. വായനയെ പ്രോത്സാഹിപ്പിക്കുന്ന പശ്ചാത്തലം.

2. കുട്ടികളുടെ നിലവാരത്തിന് യോജിച്ച പരന്ന വായനയെ പ്രോത്സാഹിപ്പിക്കുന്ന വായനശാല.

3. പുസ്തകങ്ങൾ കണ്ടെത്തുന്നതിൽ കൂട്ടായ ശ്രമം ഉണ്ടാക്കുന്നു പിടിഎ ജനപ്രതിനിധികൾ, അധ്യാപകർ, കുട്ടികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഇതിനായി ഉപയോഗിക്കുന്നു.

4. വായനാ ക്ലബ് തയ്യാറാക്കി കുട്ടി വായനയെ പ്രോത്സാഹിപ്പിക്കുന്നു.

5. എല്ലാത്തരം ആനുകാലിക പ്രസിദ്ധീകരണങ്ങളും കുട്ടികൾക്കായി ഒരുക്കുന്നു.

6. കുട്ടികളെ വായനയിലേക്ക് അടുപ്പിക്കുന്നതിനാ യി തനത് പ്രവർത്തനങ്ങൾ മറ്റു ക്ലബ്ബുകളുമായി ചേർന്ന് തയ്യാറാക്കുന്നു.

## ഉപമേഖല കമ്പ്യൂട്ടർ ലാബ്

1. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മെച്ചപ്പെട്ട കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടാക്കുവാൻ തക്കതായ സംവിധാനം.

2. യുപി, എച്ച്.എസ്.എസ് വിഭാഗങ്ങൾക്ക് പ്രത്യേകം കമ്പ്യൂട്ടർ റൂം ലാബ്.

3. കുട്ടികളുടെ പഠന ആവശ്യങ്ങൾക്ക് ലാപ്ടോപ്പുകൾ വീട്ടിലേക്ക് നൽകാനുള്ള സംവിധാനം.

4. മേളകളിൽ പങ്കെടുക്കുവാൻ കുട്ടികൾക്ക് പരിശീലനം.

5. ഓരോ അഞ്ചുവർഷവും കമ്പ്യൂട്ടറുകൾ വേഗത വർദ്ധിപ്പിച്ച് പുതിയ കാല ഘട്ടത്തിനനുസരിച്ചതാക്കുന്നു.

## ഉപമേഖല സയൻസ് ലാബ്

1. മികച്ച സയൻസ് ലാബ്.

2. 80 അടി നീളത്തിൽ തയ്യാറാക്കിയ ക്ലാസ് മുറി - കുട്ടികൾക്ക് വിശാലമായ പരീക്ഷണങ്ങൾ നടത്താൻ പറ്റിയ സംവിധാനം, കുട്ടികൾക്ക് ഗവേഷണങ്ങൾക്ക് അവസരം നൽകുന്നു.

3. ശാസ്ത്ര പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറി, സയൻസ് ലാബിന്റെ ഭാഗമായി തയ്യാറാക്കുന്നു.

## ഉപമേഖല ഓട്ടോമൊബൈൽ വർഷോപ്പ്

1. കുട്ടികളുടെ അഭിരുചി മനസ്സിലാക്കി മെക്കാനിക്കൽ മേഖലയിൽ പ്രാവീണ്യം തെളിയിക്കുന്ന കുട്ടികളുടെ മുന്നേറ്റത്തിന് ഉപയോഗിക്കുന്നു.

2. 2 stroke & 4 stroke വാഹനങ്ങളെ പരിചയപ്പെടുത്തുന്നു.

3. വാഹനങ്ങളുടെ എൻജിന്റെ പ്രവർത്തനരീതികൾ കുട്ടികളുടെ മനസ്സിലാക്കി ക്കുന്നു.

## തയ്യൽ യൂണിറ്റ് (തനത് പ്രവർത്തനം)

1. പെൺകുട്ടികളുടെ നൈപുണി വികസനത്തിന് പ്രാധാന്യം നൽകുന്ന തയ്യൽ യൂണിറ്റ്.

2. സ്കൂളിലെ എല്ലാ കുട്ടികൾക്കും പരിശീലനം നൽകുന്നു.

3. കുട്ടികളുടെ ടേസ്റ്റിന് അനുസരിച്ച് എംബ്രോയിഡറി, സ്ക്രീൻ പ്രിന്റിംഗ്, ഡ്രസ്സ് ഡിസൈനിങ് എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

4. തലയിണകൾ കുഷ്യൻ എന്നിവ ഡിസൈൻ ചെയ്യുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നു.

5. വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ക്ലബ്ബിലെ കുട്ടികൾക്ക് തന്നെ വീതിച്ചു നൽകുന്നു.

6. സ്വയംതൊഴിൽ മനോഭാവം കുട്ടികളിൽ വളർത്തുന്നു.

## ഉപമേഖല ഗതാഗതം — വാഹന സൗകര്യം

1. കുട്ടികൾക്ക് സ്കൂളിലേക്ക് എത്തിച്ചേരുവാൻ സ്കൂളിന്റെ മേൽനോട്ടത്തിൽ ഒരുക്കുന്ന വാഹന സൗകര്യം.
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യ യാത്ര നൽകി.
3. എല്ലാ കുട്ടികൾക്കും പൂർണ്ണമായും സൗജന്യ യാത്ര ഒരുക്കുവാനുള്ള ഫണ്ട് കണ്ടെത്തണം. അധ്യാപകർ പിടിഎ മാനേജ്മെന്റ് സംഭാവനകൾ തുടങ്ങി കൂട്ടായ ശ്രമം ആവശ്യമാണ്.
4. എല്ലാ മേഖലകളിലേക്കും വാഹന സൗകര്യം ഉണ്ട്.

## ഉപമേഖല ഭാഷാ ലാബ് - വിവിധ ഭാഷകൾ

1. കുട്ടികളുടെ ഭാഷാ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭാഷാ ലാബുകൾ.
2. ഇംഗ്ലീഷ് ഭാഷയുടെ pronounciation മനസ്സിലാക്കുവാൻ ഇത്തരം ക്ലബ്ബിലൂടെ സാധിക്കുന്നു.

## കിലുക്കാംപെട്ടി റേഡിയോ ക്ലബ്

എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 1 മണി മുതൽ 2 മണി വരെ കിലുക്കാംപെട്ടി റേഡിയോ പ്രവർത്തിക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും കലാപരിപാടികൾ, വാർത്ത അവതരണം ഈ റേഡിയോ ക്ലബ്ബ് വഴി എല്ലാ ക്ലാസ്സ് റൂമിലേക്കും എത്തുന്നു.

## Play station

കുട്ടികളുടെ ഒഴിവുവേളകൾ ഉല്ലാസകരമാക്കുന്നതിന് സ്മാർട്ട് ക്ലാസ് റൂമിൽ പ്രവർത്തിക്കുന്നു. പ്രത്യേക പരിശീലനം കിട്ടിയ അധ്യാപകന്റെ മേൽനോട്ടത്തിൽ യുപി ക്ലാസുകളിലെ കുട്ടികൾക്കാണ് ഇത് സജ്ജീകരിച്ചിരിക്കുന്നത്. പതിനായിരത്തോളം ഗെയിമുകൾ പ്ലേസ്റ്റേഷൻ വഴി കുട്ടികൾക്ക് കിട്ടുന്നുണ്ട്.

## മഴമ ബാലവേദി

കുട്ടികളുടെ സർഗ്ഗവാസനകളെ പ്രചോദിപ്പിക്കുന്നതിനായി സ്കൂൾതലത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബാണ് മഴ ബാലവേദി. കേരളത്തിലെ വൈവിധ്യമാർന്ന സാംസ്കാരിക കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നതിനായി ഫോക്ക് ലോർ അക്കാദമിയുടെയും മറ്റ് ഏജൻസികളുടെയും നേതൃത്വത്തിൽ പ്രത്യേക പരിശീലനം നടക്കുന്നു.

## USS, NMMS
## പരിശീലനം

മത്സര പരീക്ഷകളായ Uss, Nmms, എന്നിവയിൽ മികച്ച വിജയം നേടുന്നതിന് സ്കൂളിൽ അധ്യാപകരുടെ പാനലിനൊപ്പം സംസ്ഥാനത്ത് ലഭ്യമായ വിദഗ്ധരായ അധ്യാപകരുടെ സേവനവും ഉപയോഗിച്ചുവരുന്നു.

**SRG യോഗങ്ങൾ**

എല്ലാമാസവും SRG യോഗങ്ങൾ വീതം നടത്തുവാൻ തീരുമാനിച്ചു. എല്ലാ subject കാരും Subject Council കൂടി ഓരോ മാസത്തേയും പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ചർച്ച ചെയ്തു SRG യിൽ അവതരിപ്പിക്കുന്നു. ഓരോ ടീമിലും Class PTA നടത്തുവാൻ തീരുമാനിച്ചു. പഠന പിന്നോക്കാവസ്ഥയിലുള്ള 5 മുതൽ 9 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ഒഴിവു പീരിയഡുകളിൽ റെമഡിയൽ നടത്തുന്നതിനും ജൂലൈ മുതൽ എല്ലാ ദിവസവും വൈകുന്നേരം 4 30 വരെ പത്താം ക്ലാസിന് സ്പെഷ്യൽ ക്ലാസ് നടത്തുന്നതിനും യുഎസ്എസ് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചു.

സമഗ്ര ഗുണമേന്മ പദ്ധതിക്ക് വേണ്ടി ഒരു മണിക്കൂർ വിവിധ പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കുവാൻ തീരുമാനിച്ചു. കുട്ടികളുടെ സർഗ്ഗവാസനകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ വെള്ളിയാഴ്ചകളിലും ഒന്നു മുതൽ രണ്ടു വരെ വിവിധ പരിപാടികൾ റേഡിയോ ക്ലബ് വഴി നടത്തുവാൻ തീരുമാനിച്ചു.

[illegible] L.P. മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | അവരുടെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ. | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുന്ന കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ. | |

## ലക്ഷ്യങ്ങൾ U.P. മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ. | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വാർത്താലോകത്തേക്ക്. പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ തുടങ്ങിയവ പതിപ്പുകൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും. | മലയാളം അധ്യാപകർ. | |
| | വാർത്താവായന നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ് | മലയാളം ക്ലബ്<br>പി.ടി.എ |
| | അതിന് മികച്ച പ്രോത്സാഹനം [illegible] ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ തിരിവായ് അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ. | മലയാളം ക്ലബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 3) സാഹിത്യ കൃതികളും സാഹിത്യകാരന്മാരുമായുള്ള അടുപ്പം മനോഭാവം വളർത്തുക, വായിച്ച കൃതികളെ ആസ്വാദനശേഷി വളർത്തൽ | സംവാദം/ അഭിമുഖം സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സന്ദർഭങ്ങളും സംവാദങ്ങളും സംഘടിപ്പിക്കും. | വർഷത്തിൽ രണ്ട് പ്രാവശ്യം | H.M മലയാളം അധ്യാപകർ. | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി ഭാഷാശേഷികൾ വളർത്തുക | ഇ- കമ്പ്യൂട്ടിംഗ് മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക. ഇ- മാസിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, IT അധ്യാപകർ | |
| | മുഴുവൻ പഠിതാക്കളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാസിക തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അധ്യാപകർ | മലയാളം ക്ലബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| 5 പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>ശില്പശാലകൾ നടത്തുന്നു. | ഓണാവധിക്ക് മുൻപ്<br>തുടക്കത്തിൽ അസംബ്ലിയിൽ പിന്നീട് എല്ലാ ദിവസവും | പി.ടി.എ<br>ക്ലാസ് ലീഡർമാർ School ലീഡർ മലയാളം അധ്യാപകർ | വിവിധ ക്ലബുകൾ പി.ടി.എ |
| 6 കുട്ടികളുടെ ആകാശവാണി ~~Radio CB~~ റേഡിയോ.C.B കിളുക്കാംപെട്ടി | വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലും നടത്തും (പ്രധാന) വാർത്തകളുടെ അവതരണം | എല്ലാ ആഴ്ചയിലും | ക്ലാസ് ലീഡർമാർ | വിവിധ ക്ലബുകൾ പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

HS

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം |
|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നം ഉറപ്പിക്കൽ<br>4. അക്ഷര കാർഡുകൾ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം – അടിക്കുറിപ്പ്<br>9. ചിത്രം – കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ |
| 2. കുട്ടിയെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | സൗകര്യം |
| --- | --- | --- | --- |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കു | 4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായന അനുഭവം<br>8. വായനക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ഇ-വായന | 6 മാസം | പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കു | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക<br>6. പതിപ്പ് തയ്യാറാക്കൽ | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ<br>ഫോട്ടോകൾ,<br>പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉപകരണം |
| --- | --- | --- | --- |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 7. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>8. വ്യക്തിഗത രചന, സംഘ രചന<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം | ഓഡിയോ, വീഡിയോ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉപാധി |
|---|---|---|---|
| 5. രചനകളുടെയും കലാ-പ്രവർത്തനങ്ങളുടെയും വെളിച്ചത്തിൽ രചനാ ശില്പശാലകൾ | ശില്പശാലകളിൽ രൂപപ്പെടുന്ന സൃഷ്ടികൾ വായിക്കാനും പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുവാനും | ആഴ്ചയിൽ | പുസ്തകങ്ങൾ |
| 6. വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | ലൈബ്രറി പുസ്തകങ്ങൾ താല്പര്യമുള്ള രക്ഷിതാക്കളിലേക്കും സമീപവാസികളിലേക്കും എത്തിക്കുക | ആഴ്ചയിൽ | സ്കൂൾ ലൈബ്രറി |
| 7. കവികളെയും കൃതികളെയും പരിചയപ്പെടൽ അഭിമുഖം തയ്യാറാക്കൽ | കാവ്യസദസ് കണ്ടും അനുഭവിച്ചും വിവരശേഖരണം, ജീവചരിത്രക്കുറിപ്പ്, അഭിമുഖം | ഒരു വർഷം | പുസ്തകങ്ങൾ |
| 8. വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള സാഹചര്യം ഒരുക്കൽ | അഭിനയം, അവതരണം തുടങ്ങിയവ | ഒരു വർഷം | നാടകം സിനിമ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല - അക്കാദമികം     UP & HS     ഉപമേഖല: സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പങ്കാളികൾ | സാമ്പത്തികം |
|---|---|---|---|---|
| x എല്ലാ കുട്ടികൾക്കും ദ്രുതപദമായി വായിക്കാനും എഴുതാനും സംസാരിക്കുന്നതിനുമുള്ള ശേഷികൾ വികസിപ്പിക്കൽ.<br>x അക്ഷരങ്ങളെയും പദങ്ങളെയും ആശയങ്ങളെയും ഉറപ്പിക്കുക.<br>x കാണുന്നതിനും കേൾക്കുന്നതിനും ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പറയുക<br>x ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ | x ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തൽ.<br>x പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>x പതിപ്പുകൾ, മാഗസിനുകൾ<br>x രചനാ ശില്പശാലകൾ<br>x സംസ്കൃത ദിനാചരണം/ അസംബ്ലി.<br>x ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>x വായനാമൂല, പദപയറ്റ്<br>ചോദ്യോത്തര പയറ്റിനില | | | |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കാനുള്ള അവസരം നൽകുക.<br>× എല്ലാ കുട്ടികളും നിർബന്ധപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>× സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.<br>× ഭാഷാ ശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>× ഭാഷാലാബ് | ക്വിസ് നിർമ്മാണം, മാഗസിൻ നിർമ്മാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം, കഥ ഉപന്യാസം രചിക്കൽ & വിവർത്തനം etc<br>× വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുത്തൽ കഥ, കവിത, സ്മൃതികിരണങ്ങൾ ജീവചരിത്രം കുറിപ്പുകൾ എന്നിവ രചിച്ച്/ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc.<br>× വിവിധ കലാരൂപങ്ങളുടെ demonstration. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (Project (Sanskrit)

* സംസ്കൃതം ലൈബ്രറി:- സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലമാസികകൾ ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃതലൈബ്രറി വിപുലമാക്കൽ.
* സംസ്കൃത ദിനാചരണം:- സംസ്കൃത ദിനം വിവിധ പരിപാടികളോടെ ആചരിക്കൽ
* സംസ്കൃത അസംബ്ലി:- വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് അസംബ്ലി.
* സംസ്കൃത സംഭാഷണ ശിബിരം:- സംസ്കൃത സംഭാഷണ പാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ.
* പഠനയാത്രകൾ സംഘടിപ്പിക്കൽ:- സംസ്കൃത കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.
* വിവിധ മത്സരങ്ങൾ:- കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ; സ്കോളർഷിപ്പ്, U.S.S
* പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ
* ഐ.ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ:- വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴിയുള്ള സാധ്യതകളെ പ്രയോജനപ്പെടുത്തൽ സംസ്കൃത സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി (UP)

| Sl. No | Programme | Activity | Duration | ഉത്പന്നം | പിന്തുണ |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകളുടെ നിർമ്മാണം.<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ Pre Test നടത്തി, അവരിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | June to August. | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT<br>അധ്യാപകർ<br>Resource teachers |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കാം.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിചയിക്കാനുള്ള അവസരം.<br>• CWSN കുട്ടികളുടെ പങ്കാളിത്തം | September to October | ഹിന്ദി നിഘണ്ടു. | PTA<br>BRC<br>Resource-Teachers. |

| Sl No | Programme | Activity | Duration | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• വായനമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ. | November to February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

13

# ACADEMIC MASTERPLAN 2024-2025 ENGLISH (UP)

AIM : To Speak, Read and Write English without any mistakes

| Sl NO | Month | Area | Activities |
|---|---|---|---|
| 1 | JUNE | Listening Reading Writing | Welcome Song - Self Introduction Card Reading Competition |
| 2 | JULY | Speaking | Formation English Assembly - Dramatisation stories stories, conversation, Monthly Test Preparing News Report about the programmes conducted in school |
| 3 | AUGUST | Vocabulary | Introducing English Library, News paper Reading, Book Review, Read library books Make Onam Magazine, first term examination |
| 4 | September | Talk on a topic Speaking | Sharing of Onam holiday experiences Special classes for slow paced learners |
| 5) | October | Communication | Theatre Work shop - Conducting debates and Seminars, Preparing scripts based on TB and performance. (ENGLISH FEST) |
| 6 | November | Writing Vocabulary | Publishing magazine in English - making sentence cards - Spelling contests Word games |
| 7 | December | Writing listening Speaking | Dramatisation of stories - Diary writing Documentary / Reels based on textual lessons |
| 8 | January | Communication | Book Exhibition, Audio - video clippings on correct pronounciation |
| 9 | February | LSRW | School Radio, Magazine Preparation Learning enhancement programme, Magazine Publishing |
| 10 | March | | Port folio Exhibition |

14     1-5

# ENGLISH ACADEMIC MASTER PLAN

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
| --- | --- | --- | --- | --- |
| To encourage listening & Speaking | Interactive story telling sessions discussing themes, characters, and plots to enhance listening skills | June | English Teachers | English Club |
| Introduce different genres (fiction, non-fiction, poetry) Enhance vocabulary Enhance listening skills. | Group discussions and role-plays to improve speaking skills. Vocabulary games and exercises to build word knowledge | | | |
| To encourage Reading Develop basic reading, writing, listening and Speaking skills. | Interactive Reading Circles. Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels | | | |
| Cultivate effective communicative skills for various contexts. | Each group reads the assigned text together and discusses key elements, like plot, characters and themes. Encourage students to take turns reading aloud and share their interpretations and reactions to the text. After discussions, each group presents a summary or analysis of their assigned text to the class. Guided reading sessions with comprehension questions. Listening comprehension exercises using audio stories | July | | |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
| --- | --- | --- | --- | --- |
| | Debates and presentations for advanced speaking pratice | August | English Teachers | English Club |
| | Expanding vocabulary with content clues from passage | December | | |
| To develop Writing Skills | Improve sentence structure | | | |
| introduce grammatical concepts such as parts of speech, tenses and sentence structures | Practice for simple creative writing tasks like writing descriptive paragraphs, short stories and simple poetry | January | | |
| To develop basic grammar rules | Projects and research assignments to foster critical thinking | February | | |
| focus on sentence structure, punctuation and grammar | Focus on developing paragraph and essays. Teach persuasive writing techniques and argumentation | | | |
| | Preparing and delivering speeches listening to and analysing different media sources | | | |
| Expand vocabulary through reading and interactive activities | Interactive grammar games Structured grammar lessons with examples and practice exercises | | | |
| Introduce different types of writing: narrative, descriptive, persuasive etc | Worksheets on parts of speech punctuation and sentence types | | | |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| Language Games, puzzles and Activities | Integrate language games and activities to reinforce vocabulary, grammar and language skills in an engaging way. For example, play word association games, vocabulary bring to practice new words and concepts. To create their own poems, stories, dictionary etc and present it to the class | Throughout the year | English Teacher | English Club |
| Differentiation and Support | Recognize and accomodate the diverse learning needs of students through differential instruction, including accomodations for specially abled students and gifted learners. Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students interest and strengths | | | |
